ഉത്തരം

(എ, ബി) പാലം പണിയുന്നതു സംബന്ധിച്ച ഒരു നിർദ്ദേശമുണ്ട്. രണ്ടുവശത്തെയും റോഡുകളുടെ കാര്യത്തിൽ പഞ്ചായത്തുകളുടെ ഭാഗത്തുനിന്നും വേണ്ട നടപടികളുണ്ടാകാത്തതുകൊണ്ട് പാലം പണിയുടെ കാര്യത്തിൽ മേൽനടപടികളെടുക്കാൻ കഴിഞ്ഞിട്ടില്ല.

ചെമ്മരുതിമുക്ക്-പുതുശ്ശേരിമുക്ക് റോഡ്

896 [1413] ശ്രീ. പി. കെ. ചാത്തൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്മരുതിമുക്ക്-പുതുശ്ശേരിമുക്ക് റോഡ് പണി ബഡ്ജറ്റ് വർഷത്തിൽ പൂർത്തിയാക്കുന്നതിന് കഴിയുമെന്ന് കരുതുന്നുണ്ടോ;

(ബി) ഇതിന്റെ പണി തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. ഈ പണി ഇതുവരെയും ഏറ്റെടുത്തിട്ടില്ല.

(ബി) ഇതു പണത്തിന്റെ ലഭ്യതയെ ആശ്രയിച്ച് പരിഗണിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ പാലങ്ങൾ

897 [1414] ശ്രീ. പണാറത്ത് കുഞ്ഞിമുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ 1979-80-ൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന 3 ലക്ഷം രൂ. യിൽ അധികം ചെലവു വരുന്ന പാലങ്ങൾ ഏതെല്ലാം;

(ബി) അതിന്റെ മുൻഗണനാക്രമം എന്താണ്?

ഉത്തരം

(എ, ബി) 1979-80 ൽ ഏതെല്ലാം പാലങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കാൻ കഴിയുമെന്ന് ഇനിയും തീരുമാനിച്ചിട്ടില്ല.

തിരുവനന്തപുരം—കോയമ്പത്തൂർ നാഷണൽ ഹൈവേ

898 [1416] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കോയമ്പത്തൂർ നാഷണൽ ഹൈവേയുടെ പ്രവർത്തനം പൂർത്തിയാകാതിരിക്കുവാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം,-കോയമ്പത്തൂർ ഹൈവേ റോഡ് എന്നു വർഷത്തേക്കു പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly